**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 250** **18-06-2019 ൽ മറുപടിക്ക്**

**പട്ടയവിതരണ നടപടിക്രമങ്ങൾ സുതാര്യമാക്കാൻ നടപടി**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. എസ്.രാജേന്ദ്രൻ<br>ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീ. കാരാട്ട് റസാഖ്<br>ശ്രീ ഒ. ആർ. കേളു | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) അർഹരായ എല്ലാവർക്കും പട്ടയം നൽകുകയെന്ന ലക്ഷ്യത്തോടെ നടത്തിയ ഊർജ്ജിത പ്രവർത്തനത്തിന്റെ ഭാഗമായി എത്ര പേർക്ക് ഈ സർക്കാർ പട്ടയം നൽകി എന്ന കണക്ക് ലഭ്യമാണോ; എങ്കിൽ അറിയിക്കാമോ; | (എ) അർഹരായ എല്ലാപേർക്കും പട്ടയം നൽകുകയെന്ന ലക്ഷ്യത്തോടെ നടത്തിയ ഊർജ്ജിത പ്രവർത്തനത്തിന്റെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്തൊട്ടാകെ നാളിതുവരെ 1,06450 പേർക്ക് പട്ടയം നൽകിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 67819 കുടുംബങ്ങൾക്ക് കുടിയായ്മ, കുടികിടപ്പ് കാണം ദേവസ്വം തുടങ്ങിയ ഇനങ്ങളിൽ ക്രയസർട്ടിഫിക്കറ്റ് (എൽ.റ്റി പട്ടയം) നൽകിയിട്ടുണ്ട്. |
| (ബി) പട്ടയവിതരണത്തിൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനായി നടപടിക്രമങ്ങൾ സുതാര്യമാക്കാൻ നടപടിയെടുത്തിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) പട്ടയവിതരണത്തിൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനായി സ്പെഷ്യൽ തഹസീൽദാർ മാർക്ക് ലാൻഡ് ട്രിബ്യൂണലുകളുടെ അധിക ചുമതല നൽകി ഉത്തരവായിട്ടുള്ളതും, ആഴ്ചയിൽ പരമാവധി ദിവസങ്ങളിൽ കക്ഷികളെ നേരിൽ കേട്ട് ദേവസ്വവും പട്ടയ അപേക്ഷകളിൽ വളരെ പെട്ടെന്ന് തീർപ്പ കൽപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതും എല്ലാ താലൂക്കുകളിലും അസൈൻമെന്റ് കമ്മിറ്റികൾ സമയാ സമയങ്ങളിൽ യോഗം ചേർന്ന് അർഹരായ എല്ലാ അപേക്ഷകർക്കും അസൈൻമെന്റ് പട്ടയങ്ങൾ നിയമാനുസരണം വിതരണം ചെയ്യുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. |
| (സി) ലാന്റ് ട്രിബ്യൂണലുകളിലെ കേസുകൾ വേഗത്തിൽ തീർപ്പാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (സി) കേസുകൾ കുറവായ ജില്ലകളിലെ ലാൻഡ് ട്രൈബ്യൂണൽ ജീവനക്കാരെ കേസുകൾ കൂടുതലുള്ള തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ ജില്ലകളിലേക്ക് പുനർവിന്യസിച്ചു. അവിടങ്ങളിൽ നിലവിലെ ലാൻഡ് ട്രൈബ്യൂണലുകൾക്ക് പുറമേ പുതിയ 6 ലാൻഡ് ട്രൈബ്യൂണലുകൾ ആരംഭിച്ചു. കേസുകൾ കുറവായ ജില്ലകളിൽ ബാക്കി നിൽക്കുന്ന നാമമാത്രമായ കേസുകൾ തീർപ്പാക്കുന്നതിനായി അതാത് ജില്ലകളിലെ എല്ലാ താലൂക്ക് |

അതാത് ജില്ലകളിലെ എല്ലാ താലൂക്ക് തഹസീൽദാർമാർക്കും ലാൻഡ് ട്രൈബ്യൂണലിന്റെ അധിക ചുമതല നൽകി. അട്ടപ്പാടി മേഖലയിലെ ആദിവാസികളുടെ ലാൻഡ് ട്രൈബ്യൂണൽ പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി അട്ടപ്പാടി സ്പെഷ്യൽ തഹസീൽദാർ (എൽ.എ)ക്ക് ലാൻഡ് ട്രൈബ്യൂണലുകളുടെ ചുമതല നൽകി ലാൻഡ് ട്രൈബ്യൂണൽ സ്ഥാപിക്കുകയുണ്ടായി. സംസ്ഥാന ത്തെ എല്ലാ വില്ലേജ് ഓഫീസർ മാരെയും ലാൻഡ് ട്രൈബ്യൂണലിലേയ്ക്കുള്ള റിപ്പോർട്ടിംഗ് ഓഫീസറായി അധികാരപ്പെടുത്തി വിജ്ഞാപനം ചെയ്യുക യുണ്ടായി. ലാൻഡ് ട്രൈബ്യൂണൽ ജീവനക്കാരെ അടിക്കടി സ്ഥലം മാറ്റുന്നത് ഒഴിവാക്കാനായി അവരെ രണ്ട് വർഷത്തേക്ക് സ്ഥലം മാറ്റരുതെന്ന് വിജ്ഞാപനം പുറപ്പെടുവിച്ചു. 1976 ലെ കാണം കുടിയായ്മ നിർത്തലാക്കൽ നിയമം പ്രാബല്യത്തിൽ ഉള്ള പ്രദേശങ്ങളിൽ കാണം കുടിയാന്മാർക്ക് പ്രത്യേകം ലാൻഡ് ട്രൈബ്യൂണൽ ക്രയ സർട്ടിഫിക്കറ്റ് ആവശ്യമില്ലെന്ന് സർക്കാർ വിജ്ഞാപനം ചെയ്യുകയുണ്ടായി. ആയതിനാൽ അതാത് താലൂക്കിലെ അഡീഷണൽ തഹസീൽദാർമാർ ടി നിയമത്തിലെ ചട്ടങ്ങളിലെ പതിമൂന്നാം ഫാറത്തിൽ ഒരു നടപടിക്രമം പുറത്തിറക്കി കാണം കുടിയായ്മ വിടുതൽ ചെയ്തു നല്കി.

(ഡി) സംയുക്ത പരിശോധന പൂർത്തിയാക്കി വനഭൂമി കൈവശക്കാരിൽ അർഹരായ വർക്ക് പട്ടയം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) സംയുക്ത പരിശോധന പൂർത്തിയാക്കി വനഭൂമി കൈവശക്കാരിൽ അർഹരായവർക്ക് പട്ടയം വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെയും സുപ്രീം കോടതിയുടെയും അനുമതി ലഭിച്ച കേസുകളിൽ എത്രയുംവേഗം പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച സംയുക്ത പരിശോധന പൂർത്തിയാക്കാനുള്ളത് പൂർത്തിയാക്കുന്നതിനും കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി upload ചെയ്യുന്നതിനും ഉൾപ്പെടെ സമയക്രമം നിശ്ചയിച്ച സർക്കാർ ഉത്തരവ് പുറപ്പെടുവിച്ച് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

| | | | |
|---|---|---|---|
| (ഇ) | ഇടുക്കി പദ്ധതി പ്രദേശത്തെ പത്തുചങ്ങല പ്രദേശത്ത് താമസിച്ചു വന്നവർക്കെല്ലാം പട്ടയം നൽകണമെന്ന അഞ്ചു പതിറ്റാണ്ടായ ആവശ്യം പരിഹരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ? | (ഇ) | ഇടുക്കി ജില്ലയിലെ ഇരട്ടയാർ പത്ത് ചെയിൻ പ്രദേശത്തും ഇടുക്കി പദ്ധതി പ്രദേശത്തെ 3 ചെയിൻ വിട്ടുള്ള 7 ചെയിൻ പ്രദേശത്തും പട്ടയം നൽകുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും പട്ടയം അനുവദിച്ചിട്ടുള്ളതുമാണ്. |

**സെക്ഷൻ ഓഫീസർ**